LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

2004 ഫെബ്രുവരി 3, ചൊവ്വ

വാല്യം CXX] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 12

നിയമസഭ 2004 ഫെബ്രുവരി മാസം 3-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ,.....ഓർഡർ.....ചോദ്യം 241.

എറണാകുളത്ത് നടത്തുന്ന "ബിസിനസ് ടു ബിസിനസ് മീറ്റ് "

*1 [241] ശ്രീ. പി. കെ. കെ. ബാവ:

„ സി. ടി. അഹമ്മദ് അലി:

„ യു. സി. രാമൻ:

„ കെ. കുട്ടി അഹമ്മദ് കുട്ടി:

„ ഇ. ടി. മുഹമ്മദ് ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004 ഫെബ്രുവരി മാസം എറണാകുളത്ത് നടത്തുന്ന "ബിസിനസ് ടു ബിസിനസ് മീറ്റ് " കൊണ്ട് സർക്കാർ എന്താണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതുകൊണ്ട് എന്തെല്ലാം ഗുണങ്ങളാണ് വ്യവസായങ്ങൾക്ക് ഉണ്ടാകാൻ പോകുന്നത്; വിശദാംശം വെളിപ്പെടുത്തുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ,

(എ, ബി) കേരളത്തിലെ പരമ്പരാഗത, ചെറുകിട, ഇടത്തരം വ്യവസായ യൂണിറ്റുകളെ ഇന്ത്യയ്ക്കകത്തും വിദേശത്തുമുള്ള വ്യാപാര വിപണന കേന്ദ്രങ്ങളുമായും കയറ്റുമതി സ്ഥാപനങ്ങളുമായും വിപണനശൃംഖലകളുമായും നേരിട്ടു ബന്ധപ്പെടുത്തി

വിപണന സാദ്ധ്യതകൾ ആരായുവാനുള്ള അവസരം ഒരുക്കുകയാണ് 2004 ഫെബ്രുവരി മാസം എറണാകുളത്ത് നടത്തുന്ന "ബിസിനസ് ടു ബിസിനസ് മീറ്റ്" കൊണ്ട് ഉദ്ദേശിക്കുന്നത്. കേരളത്തിന്റെ പരമ്പരാഗത മേഖലകളിലേയും മറ്റു ശ്രദ്ധേയമായ ചെറുകിട ഇടത്തരം വ്യവസായ മേഖലകളിലേയും വ്യവസായികളും ഉൽപ്പാദകരുമാണ് ഈ വ്യവസായ സംഗമത്തിൽ പങ്കെടുക്കുന്നത്. സംസ്ഥാന വ്യവസായ വകുപ്പും വ്യവസായികളുടെ സംഘടനകളും ധനകാര്യ സ്ഥാപനങ്ങളും സംയുക്തമായാണ് ഈ സംഗമം സംഘടിപ്പിക്കുന്നത്. സംസ്ഥാനത്ത് ഇപ്പോഴുള്ള ശക്തമായ ഉല്പാദന അടിത്തറ, ഗുണനിലവാരമുള്ള ഉല്പന്നങ്ങൾ, അനുകൂലമായ വ്യാവസായിക അന്തരീക്ഷം, ഇവയൊക്കെയും ആത്മവിശ്വാസത്തോടെ രാജ്യത്തെയും വിദേശത്തെയും വിപണന മേഖലയെ അറിയിക്കുക എന്നതാണ് പ്രധാനമായും സർക്കാർ ഉദ്ദേശിക്കുന്നത്. ഈ സംഗമത്തിൽ പങ്കെടുക്കുന്ന വ്യവസായ സ്ഥാപനങ്ങൾക്ക് ഇന്ത്യക്കകത്തും വിദേശത്തുമുള്ള നിരവധി വ്യാപാര വിപണന മേഖലകളുമായി ഇടത്തട്ടുകാരില്ലാതെ നേരിട്ടുള്ള വ്യാവസായികബന്ധം സ്ഥാപിക്കുവാൻ കഴിയും. ഇതുമൂലം അവരുടെ വ്യാവസായിക ഉല്പന്നങ്ങൾക്ക് ആഗോള വിപണി കണ്ടെത്തുവാനും ലാഭകരമായി ഉല്പന്നങ്ങൾ വിപണനം നടത്തുവാനും സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, സംസ്ഥാന വ്യവസായവകുപ്പും വ്യവസായികളുടെ സംഘടനകളും ധനകാര്യ സ്ഥാപനങ്ങളും സംയുക്തമായി നടത്തുന്ന പ്രസ്തുത മീറ്റിൽ ഏതെല്ലാം രാജ്യങ്ങളാണ് പങ്കെടുക്കുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഇപ്പോൾ എട്ടോളം രാജ്യങ്ങൾ കൺഫേം ചെയ്ത് വന്നിട്ടുണ്ട്.

ശ്രീ. സി. ടി. അഹമ്മദ് അലി: ഇതിലെ പങ്കാളിത്തത്തിനുവേണ്ടി എന്തെല്ലാം പ്രചരണ പരിപാടികളാണ് ഇതിനകം സംഘടിപ്പിച്ചിട്ടുള്ളത്; ഇതിന് ആവശ്യമായ പ്രചരണ പരിപാടികൾ ശക്തമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: വ്യവസായ വകുപ്പും വ്യവസായ ഏജൻസികളും വ്യവസായ സംഘടനകളുമാണ് കേരളത്തിൽ നല്ല പ്രോഡക്ട്സ് ഉല്പാദിപ്പിക്കുന്ന വ്യവസായ സ്ഥാപനങ്ങളെ തെരഞ്ഞെടുത്ത് അവയുടെ ഉല്പന്നങ്ങളെ സംബന്ധിച്ച് പ്രചരണ പരിപാടികളും മറ്റും തയ്യാറാക്കുന്നത്. കയർ, ഹാൻഡ്ലൂം, ഹാൻഡിക്രാഫ്റ്റ്സ്, ഫുഡ് പ്രോസസ്സിംഗ്, ലൈറ്റ് എഞ്ചിനീയറിംഗ്, ആയുർവ്വേദം തുടങ്ങിയവയിൽ ഒട്ടേറെ നല്ല ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്ന ചെറുകിട ഉല്പാദകർ നമുക്കുണ്ട്. അതുപോലെ പരമ്പരാഗത മേഖലയിലുമുണ്ട്. അവരെ ഒന്നിപ്പിച്ചുകൊണ്ട് അവരെക്കൊണ്ട് പബ്ലിസിറ്റി കൊടുക്കുക എന്നുള്ളതാണ് പ്രധാനമായും ഉദ്ദേശിക്കുന്നത്. നമ്മുടെ രാജ്യത്തെ എംബസികളിൽ കോമേഴ്സ് നോക്കുന്ന ട്രേഡ് വിഭാഗമുണ്ട്. അവയെയൊക്കെ സംഘടിപ്പിച്ച് അവരുമായി ചർച്ച നടത്തിയിട്ടുണ്ട്. ഇവിടെ നല്ല ഉല്പന്നങ്ങളുണ്ട്. അത് വാങ്ങാനും ആ മേഖലയിൽ പുതിയ ടെക്നോളജി കൊണ്ടുവരാനും ലോകത്ത് മുഴുവൻ നടക്കുന്നതുപോലെ ഇവിടേയും അതിനുള്ള സൗകര്യം ഏർപ്പെടുത്തിക്കൊണ്ട് അവരെ ക്ഷണിച്ചു. പബ്ലിസിറ്റി കാര്യമായി ചെയ്തിട്ടുണ്ട്. നല്ല സക്സസ്സ് ആണ്. ഒരുപാട് രജിസ്ട്രേഷനുണ്ട്. യഥാർത്ഥ ഉല്പാദകരാണ്. ഉല്പന്നങ്ങൾ വാങ്ങാൻ താല്പര്യമുള്ളവർ ഇതിനകംതന്നെ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, കേരളത്തിലെ പരമ്പരാഗത വ്യവസായമേഖല പ്രത്യേകിച്ച് കയർ, കൈത്തറി, ഹാൻഡിക്രാഫ്റ്റ്സ് തുടങ്ങിയവ പല കാരണങ്ങൾ കൊണ്ടും ഇന്ന് പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. അത് കണക്കിലെടുത്ത് ആ മേഖലയ്ക്ക് ഊന്നൽ നൽകിക്കൊണ്ട് അവയെ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെങ്കിലും നടപടികൾ ഈ മീറ്റിൽ ആസൂത്രണം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്താണെന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: അതുതന്നെയാണ് ഈ മീറ്റിന്റെ പ്രധാന ഉദ്ദേശം. പരമ്പരാഗത വ്യവസായ മേഖലയും ചെറുകിട വ്യവസായ മേഖലയുമൊക്കെ ഫെയ്സ് ചെയ്യുന്ന പ്രോബ്ളത്തിന് കുറച്ചെന്തെങ്കിലും ഗവൺമെന്റ് സഹായം കൊടുത്ത്..... കൊടുത്തില്ലായെന്നു പറഞ്ഞ് ബഹളം ഉണ്ടാക്കുന്നതല്ലാതെ യഥാർത്ഥത്തിൽ ഈ മേഖലയുടെ പ്രോബ്ളമെന്താണെന്നു മനസ്സിലാക്കി ആക്ഷൻസ് അധികം ഉണ്ടായിട്ടില്ല. അടുത്തകാലത്ത് ചെറുകിട പരമ്പരാഗത വ്യവസായങ്ങളെ മുന്നോട്ടുകൊണ്ടുപോകാൻ പ്രൊഫഷണലായിട്ടുള്ള ചില നടപടികൾ ഗവൺമെന്റ് എടുക്കുന്നുണ്ട്. അതിൽപ്പെട്ട ഒന്നാണ് മാർക്കറ്റിംഗിന് അവരെ സഹായിക്കുക എന്നുള്ളത്. നല്ല ഉല്പന്നങ്ങൾ വില കുറഞ്ഞ് മാർക്കറ്റിൽ വന്നാൽ ചെലവാകും. പരമ്പരാഗത വ്യവസായമാണെന്നു പറഞ്ഞ് ഇല്ലാത്ത പണം ഉണ്ടാക്കി റിബേറ്റ് കൊടുത്തുകൊണ്ടിരിക്കുന്നത് പ്രായോഗികമല്ല. പക്ഷേ അതിനപ്പുറം പ്രോഡക്റ്റുകളെ പരിചയപ്പെടുത്താനുള്ള അവസരം വേണം. ഇതിൽ പ്ളാൻ ചെയ്തിരിക്കുന്നത് അതുതന്നെയാണ്. തെരഞ്ഞെടുത്തിരിക്കുന്ന ഉല്പന്നങ്ങളെന്നു പറയുന്നത് കയർ, ഹാൻഡ്ലൂം, ഹാൻഡിക്രാഫ്റ്റ്സ്, പ്രോസസ്ഡ് ഫുഡ്സ് ആന്റ് സ്പൈസസ്, ആയുർവേദിക് ഉല്പന്നങ്ങൾ (ഹെർബൽ ആന്റ് ഫാർമസ്യൂട്ടിക്കൽസ്), റബ്ബർ ആന്റ് മോൾഡഡ് പ്ളാസ്റ്റിക്സ്, വുഡ് ബെയ്സ്ഡ് പ്രോഡക്ട്സ്, ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ്, കെമിക്കൽസ്, മെഷീനറി തുടങ്ങിയവയാണ്. ഇവയൊക്കെ നമുക്ക് സ്ട്രെങ്ത്തുള്ള മേഖലകളാണ്. അതുപോലെ പരമ്പരാഗത മേഖലയേയും ചെറുകിട മേഖലയേയും ശക്തിപ്പെടുത്താൻ ചില നടപടികൾ ഗവൺമെന്റ് എടുക്കുന്നുണ്ട്. ഉദാഹരണമായി ക്ളസ്റ്റർ—ചങ്ങനാശ്ശേരിയിൽ വളരെ സക്സസ്ഫുള്ളായി ഒരു റബ്ബർ ക്ളസ്റ്റർ വർക്ക് ചെയ്യുന്നുണ്ട്. ഇതൊക്കെ ഈ മേഖലയിൽ ഇതുവരെയില്ലാത്ത ചലനങ്ങളും മാറ്റങ്ങളും ഉണ്ടാക്കുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: നമ്മുടെ സംസ്ഥാനത്ത് ആഗോളവത്കരണത്തിന്റെ പ്രധാന വിപത്ത് എന്നുപറയുന്നത് വ്യാവസായിക ഉല്പന്നങ്ങൾക്ക് മാർക്കറ്റ് ഇല്ലായെന്നുള്ളതാണ്. അതാണ് ഇന്ന് നമ്മുടെ വ്യവസായങ്ങളെ ബാധിച്ചിരിക്കുന്ന പ്രധാന പ്രതിസന്ധി. അതുകൊണ്ട് നമ്മുടെ വ്യാവസായിക ഉല്പന്നങ്ങൾക്ക് ന്യായമായ മാർക്കറ്റ് ഉണ്ടാക്കാനുള്ള സംവിധാനം ഈ ബിസിനസ് മീറ്റിലൂടെ നടപ്പിലാക്കാൻ സാധിക്കുമോ; അതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: മാർക്കറ്റ് ലഭ്യമാക്കുക എന്നുള്ളതുതന്നെയാണ് ഉദ്ദേശിക്കുന്നത്. പല രാജ്യങ്ങളിൽനിന്നും ഇൻഡ്യക്കകത്തുനിന്നുമായി ഒരുപാട് രജിസ്ട്രേഷൻസ് ഉണ്ട്. 400-ഓളം രജിസ്ട്രേഷൻസ് ഉണ്ട്. അവരൊക്കെ ഈവക പ്രോഡക്ട്സിൽ ട്രേഡ് ചെയ്യുന്ന ആളുകൾ അല്ലെങ്കിൽ താല്പര്യമുള്ള ആളുകളാണ്. താല്പര്യമുള്ള ആളുകളെയാണ് ഈ മേളയ്ക്ക് ക്ഷണിച്ചിട്ടുള്ളത്. ഇത്തരം മേളകൾ ലോകം മുഴുവൻ അംഗീകരിച്ചിട്ടുള്ളതാണ്. ലോകം മുഴുവൻ വിപണനമേള നടത്തുന്നുണ്ട്.

പ്രൊഫഷണലായ ആളുകളെ ക്ഷണിച്ച് അവരുടെ ഉല്പന്നങ്ങൾ പ്രദർശിപ്പിക്കാനുള്ള അവസരം കൊടുക്കും. ചെറുകിട വ്യവസായങ്ങൾക്കും പരമ്പരാഗത വ്യവസായങ്ങൾക്കും ഇതുവരെ ഈ തരത്തിലൊന്നും മേള നടന്നിട്ടില്ല. മാർക്കറ്റിംഗിൽ അവരെ സഹായിക്കുന്ന ഏറ്റവും വലിയ സംരംഭമാണ്.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: സർ, സംസ്ഥാനത്തെ ചെറുകിട വ്യവസായങ്ങൾക്കും പരമ്പരാഗത വ്യവസായങ്ങൾക്കും വിപണി കണ്ടെത്താനുള്ള ശ്രമമാണ് ഇതിലൂടെ നടത്തുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുകയുണ്ടായി. വിലകുറച്ച് ഗുണനിലവാരമുള്ള ഉല്പന്നങ്ങൾ ഉല്പാദിപ്പിച്ചാൽ മാത്രമേ വിപണി പിടിച്ചെടുക്കാൻ നമുക്ക് കഴിയുകയുള്ളൂ. ചൈനീസ് ഉല്പന്നങ്ങൾ നമ്മുടെ വിപണി പിടിച്ചെടുത്തിരിക്കുകയാണ്. വിലകുറഞ്ഞ ഗുണനിലവാരമുള്ള ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കാൻ ആവശ്യമായ ടെക്നോളജി അപ്ഡേറ്റ് ചെയ്യാൻ എന്തെങ്കിലും ശ്രമങ്ങൾ ഉണ്ടോ; അതുപോലെ വിപണിക്ക് ആവശ്യമായ പരസ്യങ്ങൾ നടത്താൻ എന്തെങ്കിലും സഹായം ചെറുകിട വ്യവസായികൾക്ക് നൽകുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: തീർച്ചയായും ഉണ്ട്. ഇത്തരത്തിലുള്ള ചർച്ചയുടെയൊക്കെ പ്രസക്തി—ചൈനീസ് ഉല്പന്നങ്ങൾ എങ്ങനെയാണ് അവർ എത്ര ഫിനിഷിംഗിൽ എത്ര വില കുറച്ച് ഉണ്ടാക്കുന്നു, അവരുടെ ടെക്നോളജി എന്താണ് അവരുടെ സീക്രട്ട് എന്താണ് എന്ന് നമ്മുടെ ഉല്പാദകർ മനസ്സിലാക്കണം. ഹാന്റിക്രാഫ്റ്റ്സ്, ഹാന്റ്ലൂം അതേപോലെയുള്ള ചൈനയിലെ ഉൽപ്പന്നങ്ങൾ ഒരു ഉദാഹരണമാണ്. നല്ല പ്രോഡക്ട്സ് വില കുറച്ച് അവർ വിൽക്കും. മറ്റുള്ളവർ നോക്കി നിൽക്കും. അപ്പോൾ ആ രീതിയിലുള്ള ടെക്നോളജിയെ സംബന്ധിച്ചുള്ള വിവരങ്ങൾ ഉണ്ട്. വിദേശത്തുനിന്ന് ഹാന്റിക്രാഫ്റ്റ്സ് രംഗത്തുള്ള ആളുകൾ വരുന്നുണ്ട്. തീർച്ചയായിട്ടും ടെക്നോളജി അസോസിയേഷനുള്ള ഇന്റർനാഷണൽ സൗകര്യം ഇതിലെ ഒരു ഐറ്റമാണല്ലോ.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: സർ, വളരെയേറെ പ്രതീക്ഷയാണ് നമ്മുടെ സംസ്ഥാനത്ത് ജിം ഉയർത്തിയത്. പക്ഷേ രാഷ്ട്രീയമായ സമവായം വേണ്ടത്ര ഉണ്ടാക്കിയെടുക്കാൻ കഴിയാത്തതുകൊണ്ട് പ്രതീക്ഷയ്ക്കനുസൃതമായി നമുക്ക് ഉയരാൻ കഴിഞ്ഞില്ല. നമ്മുടെ mind set ഇപ്പോഴും മാറിയിട്ടില്ല. എല്ലാ രാഷ്ട്രീയപാർട്ടികളേയും വിളിച്ചുചേർത്ത് സംസ്ഥാനത്തെ വ്യവസായ പുരോഗതിയിലേക്ക് നയിക്കാൻ ഉതകുന്ന ഈ പരിപാടികളെ വിജയിപ്പിക്കാൻ വേണ്ടിയുള്ള ശ്രമങ്ങൾക്ക് എല്ലാപേരെയും സഹകരിപ്പിക്കാൻ ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: എല്ലാപേരേയും സഹകരിപ്പിക്കുക എന്നുള്ള ഭാരിച്ച ജോലി ഒന്ന് നിർവ്വഹിച്ചുകഴിഞ്ഞാൽ കേരളം രക്ഷപ്പെടുമായിരുന്നു. എന്താണ് സംഭവിക്കുക എന്നുള്ളത് മാത്രം നോക്കിയാൽ മതി. നമ്മുടെ പൊളിറ്റിക്കൽ അജണ്ടയ്ക്കിടയിൽ സംസ്ഥാനത്തിന്റെ വികസനം ഇപ്പോഴും പ്രധാന ഐറ്റമായിട്ട് നമ്മുടെ രാഷ്ട്രീയ പാർട്ടികൾക്ക് വന്നിട്ടില്ല എന്നുള്ളത് വസ്തുതയാണ്. ആര് ഭരിച്ചാലും ശരി ബഹളമുണ്ടാക്കുകയും അതുപോലെ തന്നെ അവരെ മോശമാക്കുകയുമാണ് നമ്മുടെ ജോലി

LIBRARY ARCHIVES Kerala Legislative Assembly

എന്നുള്ള ഒരു ചിന്താഗതി ഇപ്പോഴും പ്രതിപക്ഷത്തുണ്ട്. ഇപ്പോഴത്തെ പ്രതിപക്ഷമെന്ന് ഞാൻ പറയുന്നില്ല. നമ്മുടെയിടയിൽ സംസ്ഥാന താല്പര്യമെന്ന് പറയുന്നത് എപ്പോഴെങ്കിലും നമുക്ക് മുഖ്യമായി വന്നിട്ടുണ്ടോയെന്ന് ഒരു ആത്മപരിശോധന നടത്തുന്നതായിരിക്കും നല്ലത്. എപ്പോഴെന്ന് പറയാൻ പറ്റില്ലല്ലോ. ജിം ആയാലും എന്തായാലും അപ്പോഴെ നടക്കാൻ പോകുന്നുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, നേരത്തെ നടന്ന ജിമ്മിന്റെ ഒരു ഭാഗം തന്നെയാണ് തുടർച്ചയായിട്ട് വരുന്നത്. Business to Business meet-ൽ പരമ്പരാഗത വ്യവസായങ്ങൾക്കും അതുപോലെ ചെറുകിട വ്യവസായങ്ങൾക്കും പ്രാധാന്യം കൊടുത്തതായിട്ട് അങ്ങ് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. തീർച്ചയായിട്ടും അത് നല്ല കാര്യമാണ്. അത് പറയുമ്പോൾ, ജിമ്മിലെ അനുഭവംവച്ചുകൊണ്ട്, ഇതിൽ രജിസ്റ്റർ ചെയ്യാൻ ധാരാളം ആളുകൾ മുന്നോട്ടുവന്ന ഒരു സാഹചര്യം കൂടി കണക്കിലെടുത്ത്, ജിമ്മിൽ പങ്കെടുത്ത് ഒപ്പുവച്ച ഒരു വ്യവസായി ഇപ്പോൾ പോലീസ് അറസ്റ്റ് ചെയ്ത് ജയിലിൽ കിടക്കുന്നതായി ഒരു വാർത്ത വായിച്ചു. അതുപോലെ ടെക്നോപാർക്കിൽ, ജിമ്മിൽ ഒപ്പുവച്ചു തുടങ്ങിയ കമ്പനി പൂട്ടിയതായും വായിച്ചു. പലരും പിൻവാങ്ങിയതായിട്ട് മാതൃഭൂമിയുടെ സർവ്വെ റിപ്പോർട്ടിൽ വന്നു. ഈ സാഹചര്യത്തിൽ ഇതിൽ പങ്കെടുക്കാൻ വന്നിട്ടുള്ളവരും ഇതിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവരുമായവരെക്കുറിച്ച് അവരുടെ വ്യവസായ നടത്തിപ്പിലെ സാമൂഹ്യ പ്രതിബദ്ധതയും ഇതിനോടൊക്കെയുള്ള താൽപ്പര്യത്തെക്കുറിച്ചുമൊക്കെ എന്തെങ്കിലും പരിശോധന നടത്തിയിട്ടാണോ അവർക്ക് രജിസ്ട്രേഷൻ നൽകുന്നത്; വീണ്ടും അതുപോലെ ആവർത്തിക്കാൻ ഇടവരില്ലേ; ഈ മീറ്റ് നടത്തുന്നതിനു മുൻപായി എന്തെങ്കിലും പരിശോധന വ്യവസായ വകുപ്പ് നടത്തുന്നുണ്ടോ എന്ന് വിശദീകരിക്കാമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ഇത് ചെറുകിട പരമ്പരാഗത മേഖലയാണ്. അതിനെയെങ്കിലും ഒന്ന് വിട്ടുകൂടേ? പരമ്പരാഗത വ്യവസായ ഉൽപ്പന്നങ്ങൾക്ക് മാർക്കറ്റ് കണ്ടെത്താനുള്ള ഒരു എളിയ സംരംഭമാണിത്. അപ്പോൾ അതിനെ പരിശോധിക്കണമെന്ന് പറഞ്ഞാൽ ആരാണ് പിന്നെ ഇങ്ങോട്ട് വരുന്നത്? ഇവിടെ വരുന്നവരെ മുഴുവനും പരിശോധിക്കണം, അവരെ സ്ക്രീൻ ചെയ്യണം, അവരെ പ്രോസിക്യൂട്ട് ചെയ്യണം എന്നൊക്കെ പറഞ്ഞു കൊണ്ടിരുന്നാൽ ആരാണ് പിന്നെ ഇങ്ങോട്ട് വരുന്നത്? ഒരാൾ ജയിലിൽ കിടക്കുകയാണെങ്കിൽ അയാളെ നിയമം അനുസരിച്ച് പ്രോസിക്യൂട്ട് ചെയ്യും. അതിന് ഈ പരമ്പരാഗത വ്യവസായികളെല്ലാം കൂടി പീഡനം അനുഭവിക്കണോ? ഇവിടെ വരുന്നവരുടെ മുഴുവൻ ജാതകവും പൂർവ്വകാല ചരിത്രവും നോക്കാൻ ആരെക്കൊണ്ടെങ്കിലും പറ്റുമോ? ഇവിടെ വരുന്ന വ്യവസായികളിൽ കള്ളൻമാർ ഉണ്ടാകും. കൊള്ളക്കാർ ഉണ്ടാകും. അവരെ പിടിച്ച് ജയിലിലിട്ടാൽ അതനുസരിച്ച് നടപടിയെടുക്കും. ഇതിന് ജിമ്മുമായിട്ട് ഒരു സാമ്യവുമില്ല. ഇത് പാവപ്പെട്ട പരമ്പരാഗത വ്യവസായികളും ചെറുകിട വ്യവസായികളും അവർ എല്ലാ പേരും കൂടി തന്നെ മാർക്കറ്റ് കണ്ടെത്താൻ നടത്തുന്ന ശ്രമമാണ്. 25-ഓ 30-ഓ ലക്ഷം രൂപ ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്ന ചെറുകിട വ്യവസായങ്ങൾക്കും പരമ്പരാഗത വ്യവസായങ്ങൾക്കും വേണ്ടിയുള്ള ഒരു സംരംഭമാണ്. അതിൽ പൊളിറ്റിക്സ് വേണ്ട.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, സാധാരണഗതിയിൽ ഒരു സംരംഭത്തെ സപ്പോർട്ട് ചെയ്തുകൊണ്ട് എതിർക്കുന്ന ഒരു ഏർപ്പാട് ഉണ്ട്. പിന്തുണയാണെന്ന് പറയുകയും അതേസമയം ഒരു കാരണവശാലും നടക്കാൻ പറ്റാത്ത സാഹചര്യം ഉണ്ടാക്കുകയും ചെയ്യും. ഇവിടെ ജിമ്മിനകത്ത് വന്നുപെടാത്ത ചില സംരംഭങ്ങൾ കൂടിയുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽ ഇളമണ്ണൂരിൽ നാട്ടുകാരുടെയെല്ലാം സഹായ സഹകരണത്തോടുകൂടി കിൻഫ്രയുടെ ആഭിമുഖ്യത്തിൽ 100 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനുവേണ്ടിയുള്ള ക്രമീകരണങ്ങളുമായിട്ട് നിൽക്കുകയാണ്. ജിമ്മിനകത്ത് കഴിഞ്ഞ പ്രാവശ്യം അത് വച്ചിട്ടില്ല. പക്ഷേ ചില വിദേശ നിക്ഷേപകരായിട്ടുള്ള ആളുകൾ ഇതിൽ പണം മുടക്കാൻ തയ്യാറാണെന്നും നിക്ഷേപിക്കാൻ ഒരുക്കമാണെന്നും അവരുടെ explanation of intention വന്നിട്ടുണ്ട്. അതേപോലെയുള്ള നാട്ടിൻപുറത്തെ ജനങ്ങളുടെ സഹായ സഹകരണത്തോടുകൂടി കൊണ്ടുവരുന്ന പുതിയ ഈ പദ്ധതിക്ക് എല്ലാ രൂപത്തിലുമുള്ള ചുവപ്പുനാടകൾ മാറ്റി വേഗത്തിൽ അത് പൂർത്തീകരിക്കാനുള്ള നടപടികൾ ഗവൺമെന്റ് എടുക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: തീർച്ചയായിട്ടും എടുക്കും. കിൻഫ്രാ പാർക്കുകളിൽ ഇപ്പോൾ ആ രംഗത്ത് നല്ല പുരോഗതി ഉണ്ടായിട്ടുണ്ട്. കിൻഫ്രാ പാർക്കുകളിൽ വരുന്ന ചെറുകിട വ്യവസായമാകട്ടെ എന്തു പദ്ധതിയുമാകട്ടെ, ആ പാർക്കുകളിൽ വരുന്നതിന് സാംഗ്ഷൻ കിട്ടാൻ ഇപ്പോൾ താമസമൊന്നുമില്ല. ആ പാർക്കിനകത്ത് തന്നെ പെട്ടെന്ന് എല്ലാ സാഗ്ഷനും കൊടുക്കുന്നുണ്ട്. പാർക്കിനകത്ത് ഇപ്പോൾ procedure-ന്റെ നൂലാമാലകളൊന്നുമില്ല. പുറത്തുള്ള കാര്യങ്ങൾ ഒന്നും ഇംപ്രൂവ് ചെയ്തിട്ടില്ല. വ്യവസായം തുടങ്ങാൻ ആരെങ്കിലും വന്നാൽ അവർ ഇപ്പോഴും പല ബുദ്ധിമുട്ടുകളും അനുഭവിക്കുന്നു.

ശ്രീ. മത്തായി ചാക്കോ: സർ, കേരളത്തിലുള്ള ചെറുകിട പരമ്പരാഗത വ്യവസായ ഉൽപ്പന്നങ്ങൾക്ക് മാർക്കറ്റ് കണ്ടുപിടിക്കാനുള്ള ശ്രമം നല്ലതുതന്നെയാണ്. അതിൽ തർക്കമൊന്നുമില്ല. പക്ഷേ ഇവിടത്തെ പ്രശ്നം, ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചിട്ടുള്ള പ്രോസസ്സ്ഡ് ഫുഡ്, ചില പച്ചക്കറികൾ, സിന്തറ്റിക് റബ്ബർ തുടങ്ങിയുള്ള ഉൽപ്പന്നങ്ങൾ വലിയ തോതിൽ ഇറക്കുമതി ചെയ്യാൻ വേണ്ടി തീരുവ കുറച്ചുകൊടുക്കുന്ന കേന്ദ്ര ഗവൺമെന്റിന്റെ നടപടിയുണ്ട്. ആ നടപടിയാണ് യഥാർത്ഥത്തിൽ ചെറുകിടവ്യവസായ ഉൽപ്പന്നങ്ങളുടെ മാർക്കറ്റിനെ തടസ്സപ്പെടുത്തുന്ന ഒരു പ്രധാന ഘടകം. ആഭ്യന്തര വിപണിയെ തടസ്സപ്പെടുത്തുന്ന ഒരു പ്രധാനഘടകമാണ് അത്. അതിന് മറികടക്കാൻ, ഈ കേരളത്തിന്റെ പൊതു വികാരം കേന്ദ്രത്തെ അറിയിക്കാൻ ആവശ്യമായിട്ടുള്ള എന്തെങ്കിലും നടപടികൾ കേരളാ ഗവൺമെന്റും വ്യവസായ വകുപ്പും സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന് എന്തെങ്കിലും ഫലപ്രാപ്തി ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: കേന്ദ്ര ഗവൺമെന്റിന്റെ അത്തരം നടപടികൾ നമ്മുടെ താൽപ്പര്യത്തിന് എതിരായി വരുന്നതിനെ നമ്മൾ എതിർക്കാറുണ്ട്. അതേപോലെ തന്നെ മുഖ്യമന്ത്രി പോയി നിവേദനം നടത്തി ചർച്ചചെയ്യാറുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം മൂന്നോ നാലോ പ്രാവശ്യം ഞാനും പോയി. ഉൽപ്പന്നങ്ങളുടെ ടാക്സും മറ്റുമൊക്ക സംബന്ധിച്ച് ഫൈനാൻസ് മിനിസ്റ്ററോട് ഞാൻ തന്നെ സംസാരിക്കാൻ ഇടയായിട്ടുണ്ട്. നമ്മുടെ താൽപ്പര്യത്തിനെതിരായി വന്നാൽ അത് ടേക്കപ്പ് ചെയ്യും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. വി. ചന്ദ്രമോഹൻ: സർ, ജിമ്മിലെ അനുഭവങ്ങളെ വിലയിരുത്തുകയും വിശകലനം ചെയ്യുകയും ചെയ്തുകൊണ്ട് ഒട്ടേറെ അഭിപ്രായങ്ങൾ അടുത്ത കാലത്ത് വരികയുണ്ടായി. വ്യാപാരി വ്യവസായി ഏകോപന സമിതിയുടെ Local Investors' Meet-മായി ഈ പുതിയ business to business meet-ന് എന്തെങ്കിലും ബന്ധമുണ്ടോ എന്നാണ് പ്രത്യേകമായി അറിയേണ്ടത്. അതുകൂടാതെ ജിമ്മിൽ ഉൾപ്പെടുന്ന ഐറ്റംസിനെ സംബന്ധിച്ച് നേരത്തെ ഇതുമായി ബന്ധപ്പെട്ട പലർക്കും അറിവുണ്ടായിരുന്നു. ഉദാഹരണത്തിന് തൃശ്ശൂരിലെ വൈരക്കൽ പോളിഷിംഗ് ഒരുപാട് വിപണികൾ കണ്ടെത്താനും ഒരുപാട് ആളുകൾക്ക് ജോലികിട്ടാനുമുള്ള ഒരു വലിയ അവസരമാണ്. അതിനെ സംബന്ധിച്ച് ജിമ്മിൽ യാതൊരു വിധ അറിയിപ്പും ഉണ്ടായിരുന്നില്ല. ഈ ബിസിനസ് മീറ്റിൽ അതിന് എന്തെങ്കിലും സാദ്ധ്യതകൾ ഉണ്ടോ എന്ന് അങ്ങ് പരിശോധിക്കണം. അതു കൂടാതെ ചൈനീസ് മാർക്കറ്റിനെ വെല്ലുവിളിക്കുന്ന കുന്നംകുളത്തെ ഫാൻസി ഐറ്റംസ് ഈ ബിസിനസ് മീറ്റിൽ ഉൾപ്പെടുത്തണം എന്ന് കൂടി ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: തൃശ്ശൂർ വൈരക്കൽ പോളിഷിംഗിനെക്കുറിച്ചാണ് ബഹുമാനപ്പെട്ട മെമ്പറുടെ പ്രധാന ചോദ്യം. അതിൽ പ്രദർശിപ്പിക്കുന്ന നല്ല ഉൽപ്പന്നങ്ങൾ ഉണ്ടാകണമെങ്കിൽ ആ വൈരക്കൽ പോളിഷിംഗ് പഴയ പ്രതാപത്തോടുകൂടി തന്നെ അവിടെ നിലനിൽക്കണം. അവിടെ കുറച്ച് സ്കിൽഡ് ആയിട്ടുള്ള ആളുകൾ ഉണ്ട്. വൈരക്കൽ പോളിംഷിംഗ് ഏറ്റവും മെച്ചപ്പെട്ട രീതിയിൽ ചെയ്യാൻ കഴിവുള്ള ആളുകൾ ഇൻഡ്യയിൽത്തന്നെ ഉണ്ട്. കഴിഞ്ഞകാലങ്ങളിൽ എന്തു സംഭവിച്ചു എന്നും ആ മാർക്കറ്റ് എങ്ങനെ പോയി എന്നും ഞാൻ പറയേണ്ട ആവശ്യമില്ല. ബഹുമാനപ്പെട്ട മെമ്പർക്ക് അതറിയാം. നമ്മുടെ സുഖക്കേട് തന്നെയാണ് അതിനേയും ബാധിച്ചത്. ഇല്ലെങ്കിൽ ഇൻഡ്യയിലെ ഏറ്റവും നല്ല വൈരക്കൽ പോളിഷിംഗ് സെന്ററായി അത് ഡെവലപ്പ് ചെയ്യുമായിരുന്നു. അതൊക്കെ പിന്നെ ഗുജറാത്തിലും ബോംബെയിലുമൊക്കെ പോയി. നമ്മുടെ സ്വഭാവം മാറിയാലേ വ്യവസായം ഇങ്ങോട്ട് വരുകയുള്ളൂ. ആ പോളിഷിംഗ് സെന്ററിനെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പർ വളരെ താൽപ്പര്യമെടുത്തു. അതനുസരിച്ച് ഞാൻ തന്നെ അവിടെ പോയി വ്യവസായവകുപ്പ് ഡയറക്ടറുമായി സംസാരിച്ച് അത് തിരിച്ചുകൊണ്ടുവരാനുള്ള ശ്രമങ്ങൾ നടക്കുകയാണ്. മേളയിൽ പ്രദർശിപ്പിക്കാവുന്ന സാധനം ഇപ്പോൾ ഇവിടെയില്ല. വേറെ രീതിയിൽ ഈ സ്കിൽ പ്രയോജനപ്പെടുത്താൻ ശ്രമിക്കാം.

ശ്രീ. ടി. കെ. ബാലൻ: സർ, നമ്മുടെ പരമ്പരാഗത വ്യവസായ മേഖലയിൽ ഹാന്റ് ലൂം ഇന്ന് ക്രൈസിസ് നേരിടുകയാണ്. കോടിക്കണക്കിന് രൂപയുടെ ഹാന്റ് ലൂം തുണികൾ ഇന്ന് വിദേശത്തേക്ക് കയറ്റി അയയ്ക്കുന്നുണ്ട്. കയറ്റി അയയ്ക്കുന്ന തുണികളിൽ chemical dyes സ്വാഭാവികമായും ഉപയോഗിക്കാൻ പാടില്ല എന്നുള്ള ഒരു നിബന്ധന തന്നെ ഇന്ന് വിദേശ രാജ്യങ്ങളിൽ insist ചെയ്യുന്ന സാഹചര്യത്തിൽ കേരളത്തിൽ ഹെർബൽ ഹാന്റ് ലൂം ക്ലോത്തുകൾ ഉണ്ടാക്കാനുള്ള സംരംഭങ്ങൾ ചില സ്വകാര്യ വ്യക്തികളും മറ്റും ആരംഭിച്ചിട്ടുണ്ട്. ഏറ്റവും കൂടുതൽ (എഴുപത് ശതമാനത്തോളം) കയറ്റുമതി ചെയ്യുന്നത് നമ്മുടെ ഹാന്റ് ലൂം കോ-ഓപ്പറേറ്റീവ് സൊസൈറ്റികളാണ്. അതുകൊണ്ട് അത്തരം സൊസൈറ്റികൾക്ക് ഹെർബൽ ഹാന്റ് ലൂം ക്ലോത്ത് നിർമ്മിക്കാൻ വേണ്ടി പ്രത്യേകമായി വല്ല ഇൻസെന്റീവോ മറ്റ് സംവിധാനങ്ങളോ ഗവൺമെന്റ് ഉണ്ടാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഈ മേള തന്നെ അതിന് ഏറ്റവും വലിയ ഒരു ഇൻസെന്റീവാണ്. നമ്മൾ പ്രചരണം നടത്തുന്ന ഒരു വിഷയം അതാണ്. ഇവിടെ നാച്ചുറലായിട്ടുള്ള പ്രോഡക്ട്സ് കിട്ടും. പിന്നെ ഈ പറഞ്ഞതുപോലെ—സഹായം അതുപോലുള്ള കാര്യങ്ങൾക്കൊക്കെ—സഹകാര്യ വ്യക്തികളേയും കോ-ഓപ്പറേറ്റീവ് മേഖലയേയും പ്രോൽസാഹിപ്പിക്കാൻ എന്തുനടപടിയെടുക്കാനും ഗവൺമെന്റ് തയ്യാറാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, തകർന്നുകിടക്കുന്ന പരമ്പരാഗത വ്യവസായ മേഖലയെയും കിതച്ചുകൊണ്ടിരിക്കുന്ന കേരളത്തിലെ ചെറുകിട മേഖലയേയും രക്ഷപ്പെടുത്തുന്നതിനുള്ള ശ്രമങ്ങളാണ് നടത്തുന്നത്. ആഗോള വിപണിയിൽ മൽസരം നേരിടുന്നതിനും വിദേശത്തുള്ള ഉപഭോക്താക്കളുടെ ശ്രദ്ധാകേന്ദ്രം ആകുന്നതിനും ഈ ഉൽപ്പന്നങ്ങളെ തയ്യാറാക്കാൻ വില കുറച്ചുവിൽക്കാനുള്ള തയ്യാറെടുപ്പുകൾ നടത്തേണ്ടതുണ്ട്. അതിനുവേണ്ടി കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയും ഈ ബഡ്ജറ്റിൽ ആവർത്തിക്കുകയും ചെയ്ത പരമ്പരാഗത വ്യവസായ നിധി രൂപീകരിച്ച് ഈ മേഖലയെ സുസജ്ജമാക്കാനുള്ള തയ്യാറെടുപ്പ് ഈ ബിസിനസ്സ് മീറ്റിനു മുമ്പായി ചെയ്യുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ബഹുമാനപ്പെട്ട അംഗങ്ങൾ മനസ്സിലാക്കേണ്ടത് ആ പ്രഖ്യാപനത്തിന്റെ ശേഷമുള്ള നടപടികളിൽപ്പെട്ട ഒരു ഐറ്റം ആണിത് എന്നതാണ്. അതായത് ക്ലസ്റ്റർ രൂപീകരണം അതിൽ ഒരു ഐറ്റമാണ്. ക്ലസ്റ്റർ രൂപീകരണം വളരെ സക്സസ്ഫുൾ ആയിട്ട് വരുന്നുണ്ട്. ചങ്ങനാശ്ശേരിയിലെ റബ്ബർ ക്ലസ്റ്റർ ഇതിനൊരുദാഹരണമാണ്. അതുപോലെ കണ്ണൂർ ഹാന്റ്ലൂം, ക്ലേ ഫാക്ടറി തുടങ്ങി അൻപതോളം ഐറ്റങ്ങൾ എടുത്ത് എല്ലാവരെയും കൂടി സഹകരിപ്പിച്ച് ഗവൺമെന്റ് അതിന് വേണ്ട സാമ്പത്തിക സഹായം ഉൾപ്പെടെ സഹായസഹകരണങ്ങൾ കൊടുത്ത് വ്യത്യസ്ത ക്ലസ്റ്ററുകൾ ഉണ്ടാക്കുന്നു. കെമിക്കൽ രംഗത്ത് ചെറുകിട വ്യവസായികൾക്ക് ഒന്നായിട്ട് സാധനം വാങ്ങാം ക്ലസ്റ്റർ ഉണ്ടെങ്കിൽ, അല്ലാതെ പരമ്പരാഗത വ്യവസായ മേഖലയെ സംബന്ധിച്ച് നമ്മൾ എത്ര ഉറക്കെ ഷൗട്ട് ചെയ്താലും രക്ഷയില്ല. നടപടികൾ വേണം, ഉദാഹരണമായി ക്ലസ്റ്റർ രൂപീകരണത്തെക്കുറിച്ച് രണ്ട് കാര്യങ്ങൾ ഞാൻ പറഞ്ഞു എന്നേയുള്ളൂ. ഇപ്പോൾ മാർക്കറ്റിംഗിൽ അവരെ സഹായിക്കാനായി ലോകത്ത് എല്ലാവരും ചെയ്യുന്നത് ഇതാണ്, താൽപ്പര്യമുള്ളവരെ ഒന്നിപ്പിച്ച് വിപണി പിടിക്കാനുള്ള സൗകര്യം ചെയ്തുകൊടുക്കുക. ഇതൊക്കെ അതിൽപ്പെട്ട നടപടികളാണ്. സാമ്പത്തിക താങ്ങ് എന്ന ഒറ്റ ഐറ്റത്തിലാണ് നമ്മുടെ ശ്രദ്ധ. അത് എല്ലാ കാലത്തും ഇങ്ങനെ കൊടുത്ത് എല്ലാ വ്യവസായങ്ങളെയും നിലനിർത്താൻ കഴിയില്ല. എന്നാലും പരമ്പരാഗത വ്യവസായങ്ങൾക്ക് ആവശ്യമായ സാമ്പത്തിക സഹായം കൊടുക്കുന്നുണ്ട്.

ശ്രീ. എം. വി. ജയരാജൻ: സർ, കൈത്തറി ഉൾപ്പെടെയുള്ള പരമ്പരാഗത മേഖലയിൽ മാർക്കറ്റിംഗാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. വിദേശ മാർക്കറ്റിംഗ് കൈയടക്കുന്നതിന് വേണ്ടി കൈത്തറി മേഖലയിൽ, പ്രധാനമായും നേരിട്ട് കയറ്റുമതി നടത്തുന്ന ഏജൻസികൾ, കൈത്തറി സഹകരണ സംഘങ്ങൾ, ധാരാളം ഉണ്ട്. അവിടെ ഇപ്പോൾ വരുന്ന ഒരു വിഷയം വിദേശ രാജ്യങ്ങളിൽ വ്യാപാര പ്രോൽസാഹന സംഘടനകൾ എന്ന പേരിൽ ചില സംഘടനകൾ ഉണ്ട്. ആ സംഘടനകളാണ് ഇന്നിപ്പോൾ വിദേശ രാജ്യങ്ങളിൽ കൈത്തറി ഉൾപ്പെടെയുള്ള പരമ്പരാഗത മേഖലയുടെ മാർക്കറ്റ് കൈയടക്കുന്നത്

എന്നുള്ളതാണ് പ്രധാനപ്പെട്ട പ്രശ്നം. ഇപ്പോൾ ഡച്ച് ഗവൺമെന്റ് ഉണ്ട്, ജർമ്മനിയുണ്ട്, ജപ്പാനുണ്ട്. ആ സംഘടനകളുമായി വല്ല Liaison -ലും നമ്മുടെ സംസ്ഥാന സർക്കാർ ഏർപ്പെടുമോ, അതുവഴി നമ്മുടെ കൈത്തറി ഉൾപ്പെടെയുള്ള പരമ്പരാഗത മേഖലയിൽ ഉൽപ്പന്നങ്ങൾ വിദേശത്തേക്ക് കയറ്റി അയയ്ക്കുന്നതിന് സ്ഥാപനങ്ങളെ സഹായിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഉണ്ട്, ഈ പറഞ്ഞതു തന്നെയാണല്ലോ നടപടികൾ. കഴിഞ്ഞകൊല്ലം ഇവിടത്തെ ചെറുകിട വ്യവസായികളുടെ ഏതാനും പ്രതിനിധികളെ—ഒരുപാട് പ്രതിനിധികളെ കൊണ്ടുപോകാൻ കഴിയില്ല—വിദേശ രാജ്യങ്ങൾ ജർമ്മനി, മലേഷ്യ ഉൾപ്പെടെ രണ്ടു മൂന്നു സ്ഥലത്ത് നമ്മൾ കൊണ്ടുപോയി അവിടത്തെ സംഘടനകളുമൊക്കെയായി ബന്ധപ്പെടുത്തി. ഇതിൽ ചെയ്യേണ്ടതും അതുതന്നെയാണ്, ഈ രംഗത്തുള്ള Professional bodies, വ്യവസായികൾ അവരൊക്കെയായിട്ട് ഇന്റെറാക്ട് ചെയ്യാൻ ഇവർക്ക് നേരിട്ട് ഇന്റെറാക്ട് ചെയ്യാനുള്ള സൗകര്യം ചെയ്തുകൊടുക്കലാണ് പ്രധാനമായും ഇവിടെ നടത്തുന്നത്. ഹാന്റ് ലൂം എടുത്തുപറയാം, ഈ brochure-ൽ പറഞ്ഞിരിക്കുന്ന പ്രോഡക്ട്സ് അവരുടെ നല്ല പ്രോഡക്ട്സ് നമുക്ക് കിട്ടും. അഡീഷണൽ ഡിസൈൻസ് സാരീസ്, ദോത്തീസ്, സാൽവർ കമ്മീസ് ഞാൻ നേരത്തെ പറഞ്ഞതുപോലെ ആയുർവേദിക്, ഹാന്റ് ലൂം ഇതൊക്കെ ഇവിടെ ഉണ്ടെന്നുപറഞ്ഞ് പുറത്തുള്ള ആളുകളെ പരിചയപ്പെടുത്താനുള്ള ശ്രമങ്ങളാണ്. അതിന് സംഘടനകളെയും അതുപോലെതന്നെ ഈ രംഗത്തുള്ള വ്യവസായികളെയും ഒക്കെ നമ്മൾ ഉപയോഗപ്പെടുത്തും. അവർക്ക് നേരിട്ട് interact ചെയ്യാനുള്ള സൗകര്യവും ചെയ്തുകൊടുക്കുന്നുണ്ട്.

ശ്രീ. പി. ജെ. ജോയി: സർ, Business to Business meet-ൽ പരമ്പരാഗത വ്യവസായികളെ പ്രോൽസാഹിപ്പിക്കാനുള്ള നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ബാംബൂ മേഖല ഇന്ന് കടുത്ത പ്രതിസന്ധിയിലാണ്. വിപണന രംഗത്ത് പ്രത്യേകിച്ച് ബാംബൂ പ്ലൈ വിറ്റഴിക്കാൻ കഴിയുന്നില്ല. ബാംബൂ പ്ലൈയോ അല്ലെങ്കിൽ ബാംബൂ ഉൽപ്പന്നങ്ങളോ ഈ മീറ്റിന്റെ ഭാഗമാക്കി വിറ്റഴിക്കാനുള്ള നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഇപ്പോൾ ഇവിടെ നമ്മൾ വച്ചിരിക്കുന്ന ഹാന്റിക്രാഫ്റ്റ്സിൽ ബാംബൂ ഒക്കെ ഉൾപ്പെടും. ബാംബൂ ഒരു നല്ല ഉദാഹരണമാണ്. എത്രത്തോളം നമ്മൾ ലോകത്തെ മാറ്റങ്ങൾ ഉപയോഗപ്പെടുത്തുന്നില്ല എന്നുള്ളതിന് ബാംബൂ നല്ല ഒരു ഉദാഹരണമാണ്. ലോകത്ത് ഇപ്പോൾ ബാംബൂവിന് ടെക്നോളജിക്കലായിട്ട് കൈവന്നിരിക്കുന്ന സ്ഥാനം—മെറ്റലിന്റെയൊക്കെ പോലെ എല്ലാത്തിനും ഉപയോഗിക്കാവുന്ന 'bamboo for everything' അതിന്റെയത്ര hard light material ആയിട്ട്! ബാംബൂ ലോകം മുഴുവൻ വലിയ ഒരു ഉപയോഗ വസ്തുവായിട്ട് വരികയാണ്. നമ്മൾ വാസ്തവത്തിൽ കുറച്ചു കാര്യങ്ങൾ ഇങ്ങനെ ചെയ്തുപോകുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് അന്നത്തെ വ്യവസായ മന്ത്രി ചൈനയിൽ പോയി, പക്ഷേ വ്യവസായ രംഗത്തെ പുരോഗതി ഒരിഞ്ച് മുന്നോട്ടുപോയില്ല. ഇവിടെ വരുമ്പോൾ എല്ലാത്തിനും ഓരോരോ പരമ്പരാഗത സ്വഭാവം. അതിലാണ് നമുക്ക് വളരെ ശക്തിയുള്ളത്, പരമ്പരാഗത വ്യവസായത്തിനല്ല. പരമ്പരാഗതമായ ചില സ്വഭാവങ്ങൾ ഉണ്ട്. അതു മാറ്റാൻ നമ്മൾ

LIBRARY ARCHIVES Kerala Legislative Assembly

തയ്യാറാകില്ല. ബാംബൂ ആളുകൾക്ക് തൊഴിൽ കൊടുക്കുന്ന ടെക്നോളജിയിൽ ഏറ്റവും വലിയ എന്ത് ഉൽപ്പന്നമാക്കി മാറ്റാനും പറ്റുന്ന അത്ര ശക്തിയുള്ള ഒരു മെറ്റീരിയലായി ലോകത്തുവന്നു, നമ്മൾ എവിടെയും എത്തിയിട്ടില്ല. ആ നിലയിൽ ചില നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇപ്പോൾ ബാംബൂ മിഷൻ രൂപീകരിച്ചിട്ടുണ്ട്. പ്ലാനിംഗ് ബോർഡൊക്കെ ചർച്ച ചെയ്തിട്ട് അതുപോലുള്ള നടപടികൾ ഇപ്പോൾ കുറേ എടുക്കുന്നുണ്ട്. ഈ മേളയിലും അതുണ്ട്.

ശ്രീ. പി. ജയരാജൻ: സർ, ഈ ബിസിനസ് മീറ്റ് നടത്തുന്നത് പരമ്പരാഗത വ്യവസായങ്ങളെയും അതിന്റെ ഉൽപ്പന്നങ്ങളെയും ലോകമാർക്കറ്റിൽ പരിചയപ്പെടുത്താനും പ്രോൽസാഹിപ്പിക്കാനും ആണെന്ന് ഇവിടെ പറയുകയുണ്ടായി. പരമ്പരാഗത വ്യവസായങ്ങളിൽ ഏറ്റവും പ്രധാനമാണ് കൈത്തറി, രണ്ടര ലക്ഷം തൊഴിലാളികൾ ഈ മേഖലയിൽ ഉണ്ട്. ഗവൺമെന്റ് സാമ്പത്തിക സഹായം നൽകിക്കൊണ്ടല്ലാതെ ഈ പരമ്പരാഗത വ്യവസായങ്ങളെ അഭിവൃദ്ധിപ്പെടുത്താൻ കഴിയില്ല. 400-ൽ ഏറെ വരുന്ന കേരളത്തിലെ കൈത്തറി സഹകരണ സംഘങ്ങളുടെ ഉൽപ്പന്നങ്ങൾ ഇപ്പോൾ കെട്ടിക്കിടക്കുന്നുണ്ട്. 123 കോടിയോളം ഉറുപ്പികയുടെ കൈത്തറി ഉൽപ്പന്നങ്ങൾ കെട്ടിക്കിടക്കുന്നുണ്ട്. ആ കൈത്തറി ഉൽപ്പന്നങ്ങൾ വിലകുറച്ച് വിൽക്കത്തക്ക നിലയിലുള്ള ഒരു സാമ്പത്തിക സഹായം ഈ ബിസിനസ് മീറ്റിന്റെ ഭാഗമായിട്ട് നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; അങ്ങനെ ഒരു നടപടി കൈക്കൊള്ളുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, നമ്മൾ എപ്പോഴും ചെയ്തുകൊണ്ടിരിക്കുന്ന വളരെ അൺ ഹെൽത്തിയായിട്ടുള്ള ഒരു കാര്യമാണ്, അത് നമുക്ക് വേറെ ആലോചിക്കാം. മോഡേൺ കൺസപ്റ്റിലുള്ള മാർക്കറ്റിംഗിനുള്ള ഒരു സംരംഭത്തിൽ കെട്ടിക്കിടക്കുന്ന സാധനം കൊണ്ടുവന്നിട്ട് വില കുറച്ച് വിൽക്കുക, അതിനെപ്പറ്റി വേറെ ആലോചിക്കാം. കൈത്തറി സഹകരണസംഘങ്ങൾക്ക് സാമ്പത്തിക സഹായം എന്നുള്ള നിലയിൽ ഗവൺമെന്റ് പ്രയോറിറ്റി കൊടുത്ത് ആലോചിക്കുന്നുണ്ട്. സാമ്പത്തിക പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് സഹായിക്കാൻ ഗവൺമെന്റ് ആവുന്നതൊക്കെ ചെയ്യാം.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ ഈ ഉദ്യമത്തെ അങ്ങേയറ്റം അനുമോദിക്കുകയാണ്. ചെറുകിട വ്യവസായ ഉൽപ്പന്നങ്ങളെയും പരമ്പരാഗത വ്യവസായ ഉൽപ്പന്നങ്ങളെയും പരമ്പരാഗതമായി തുടർന്നുവരുന്ന വ്യവസ്ഥിതിയിൽ നിന്ന് മോചനത്തിന്റെ പാതയിലേക്ക് നയിക്കാൻ വേണ്ടിയിട്ടാണ് ഈ നടപടി സ്വീകരിച്ചിട്ടുള്ളത്. അതിൽ എനിക്ക് ഏറെ അഭിമാനിക്കാനുള്ളത് ജിം ഇവിടെ നടപ്പിലാക്കിയതിനെ തുടർന്ന് ഇവിടെ ചില ക്രൈസിസുകൾ ഉണ്ടായി. ആ ക്രൈസിസിൽ പതറിപ്പോകാതെ അതിൽ ഉണ്ടായിട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ കൂടി ഒരു നടപടി സ്വീകരിക്കുന്ന മനോഭാവം ബഹുമാനപ്പെട്ട വ്യവസായ മന്ത്രിയുടെ ഭാഗത്തുനിന്നുണ്ട്. വീണ്ടും ഒരു വലിയ ഉന്നതിയിലേക്ക് നമ്മുടെ നാടിനെ കൊണ്ടുപോകാൻ വേണ്ടി പ്രവർത്തിച്ചു. ഇന്ന് കേരളത്തിന്റെ പല ഭാഗത്തും വലിയ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. നമ്മുടെ കേരളീയ ഉൽപ്പന്നങ്ങൾക്ക് പല സ്ഥലങ്ങളിലും മാർക്കറ്റ് ഉണ്ട് എന്നുള്ള തിരിച്ചറിവാണ് അദ്ദേഹത്തെ ഈ നിലയിലേക്ക് കൊണ്ടുപോകാൻ ഇടയാക്കിയിട്ടുള്ളത്. ഇവിടെ നമ്മുടെ പല ഉൽപ്പന്നങ്ങളെയും അതിലേക്ക് പെടുത്തിയിട്ടുണ്ട്. ഇതിനാവശ്യമായിട്ടുള്ള പബ്ലിസിറ്റി കൊടുത്തിട്ടില്ല, കൊടുക്കണം. അതോടൊപ്പം തന്നെ എന്റെ നിയോജകമണ്ഡലത്തിലെ ഒരു പ്രധാനപ്പെട്ട പരമ്പരാഗത വ്യവസായമാണ് ഓട് വ്യവസായം, നിലവിളക്ക് അതുപോലുള്ള പാത്രങ്ങളൊക്കെ ഉണ്ടാക്കുന്നത്. ആ ഉൽപ്പന്നങ്ങൾ കൂടി ഇതിൽ ഉൾപ്പെടുത്തുവാനായി മന്ത്രി തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ജിം ഒരിക്കലും കൈവിട്ട് പോകാൻ സമ്മതിക്കുന്ന പ്രശ്നമില്ല. രാഷ്ട്രീയ കാലാവസ്ഥയും പൊളിറ്റിക്കൽ സപ്പോർട്ടും കിട്ടുകയാണെങ്കിൽ ജിം ഊർജ്ജിതമായിട്ട് നടത്തിക്കൊണ്ടുവരാൻ ഇനിയും ശ്രമിക്കും. യാതൊരു സംശയവും വേണ്ട. അതിന് ഉയിർത്തെഴുന്നേൽപ്പുതന്നെയുണ്ട്, എനിക്ക് ആ കാര്യത്തിൽ യാതൊരു സംശയവുമില്ല. ഹാന്റിക്രാഫ്റ്റ്സിൽ പരമ്പരാഗത വ്യവസായങ്ങൾ ഒക്കെ വരും.

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, ഇവിടെ ബിസിനസ് റ്റു ബിസിനസ് മീറ്റ് നടക്കുമ്പോൾ നമ്മൾ ഉണ്ടാക്കുന്ന ഉൽപ്പന്നങ്ങൾ മറ്റാരെങ്കിലും വന്ന് കാണാനും വാങ്ങാനുമുള്ള അവസരമുണ്ടാകുമെന്നാണ് ഇതിന്റെ പ്രത്യേകതയായി ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. മറ്റെല്ലാ സംസ്ഥാനത്തും ഇതുപോലെ സ്ഥിരമായി പ്രദർശന സെന്ററുകൾ ഉണ്ട്. ആ പ്രദർശന സെന്ററുകൾ എല്ലാ കൊല്ലവും ഓരോ ഉൽപ്പന്നം മാറി മാറി പ്രദർശിപ്പിക്കുന്നുണ്ട്. ലോകത്തിന്റെ എല്ലാ ഭാഗത്തുനിന്നും ആളുകൾക്ക് വന്ന് ഇത് വാങ്ങാനുള്ള അവസരമുണ്ടാകുന്നുണ്ട്. അതുപോലെതന്നെ വിദേശ രാജ്യങ്ങളിലും സ്ഥിരമായി എക്സിബിഷൻ സെന്ററുകൾ ഉണ്ട്. ആ സെന്ററുകളിൽ സ്ഥിരമായി കൊല്ലത്തിൽ ഇന്ന ഇന്ന മാസം പ്രദർശനം നടക്കുമെന്ന് ഒരു അറിയിപ്പ് ഉണ്ടാകുന്നു. അപ്പോൾ അതിന് എല്ലാപേരും തയ്യാറായിട്ട് വരികയാണ്. അതുപോലെ കേരളത്തിൽ എറണാകുളം കേന്ദ്രീകരിച്ച് സ്ഥിരമായി പ്രദർശന സെന്റർ ഉണ്ടാക്കുന്നതിനെ സംബന്ധിച്ച് ആലോചിച്ചിട്ടുണ്ടോ, അങ്ങനെ ഒരു പ്രദർശന സെന്റർ ഉണ്ടാക്കാനുള്ള ശ്രമം നടത്തുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ നമ്മൾ എം.ഒ.യു. ഒപ്പുവച്ചില്ല എന്നേയുള്ളൂ. ജിം-ൽ വന്ന പ്രോജക്ടുകളുടെ കൂട്ടത്തിൽ നല്ല ഒരു സ്ഥിരം എക്സിബിഷൻ സെന്ററിന്റെ പ്രൊപ്പോസൽ ഉണ്ട്. അത് ഇപ്പോഴും വളരെ സീരിയസായിട്ട് ആലോചിക്കുന്നുണ്ട്. കൺവെൻഷൻ സെന്റർ എറണാകുളത്ത് വന്നതുപോലെ പെർമനന്റ് എക്സിബിഷൻ സെന്റർ through out the year—പല ഉൽപ്പന്നങ്ങളും എക്സിബിറ്റ് ചെയ്യുന്നു. അതിനുവേണ്ടി ആളുകൾ വരുന്നു, അത് ഇക്കോണമിയെ boost ചെയ്യുന്ന ഒരു ഐറ്റമാണ്. തീർച്ചയായും അത് ഗവൺമെന്റിന്റെ സജീവ പരിഗണനയിലുണ്ട്. അതിന് ഒരു സംരംഭകനെ കിട്ടുമെന്നുള്ള കാര്യത്തിൽ ആത്മവിശ്വാസമുണ്ട്. കൂടുതൽപേർ ഇപ്പോൾ താൽപ്പര്യം കാണിക്കുന്നു.

ശ്രീ. വർക്കല കഹാർ: സർ, സ്പെയർപാർട്ട്സ്, ഹാന്റ്ലൂം, കമ്പ്യൂട്ടർ, അതുപോലെതന്നെ പവർലൂം ഉൽപ്പന്നങ്ങൾ, ഖാദിയുടെ ഉൽപ്പന്നങ്ങൾ, അങ്ങനെ ഒത്തിരി സാധനങ്ങൾ നമ്മുടെ നാട്ടിൽ ഉൽപ്പാദിപ്പിക്കുന്നുണ്ട്. പല സംസ്ഥാനങ്ങളിലെ സാധനങ്ങളേക്കാളും ഗുണനിലവാരമുള്ളതുമാണ് അവ. പ്രശ്നമതല്ല, സർ, നമ്മൾ ഉൽപ്പാദിപ്പിക്കുന്ന പവർലൂം മുണ്ട് 90 രൂപയ്ക്ക് വിൽക്കുമ്പോൾ മംഗലാപുരം, കാസർഗോഡ് ഭാഗങ്ങളിലും, കർണ്ണാടകയിലും 50 രൂപയ്ക്ക് മുണ്ട് വാങ്ങാൻ കിട്ടും. ഉൽപ്പാദനച്ചെലവാണ് പ്രധാനപ്പെട്ട കാര്യം. എങ്ങനെയാണ് ഈ കോമ്പറ്റീഷൻ നടക്കുന്നത്? ഉൽപ്പാദനച്ചെലവ്, തൊഴിലാളികളുടെ വേതനം മാത്രമല്ല, മറ്റ് പല സൗകര്യങ്ങളും മറ്റ് പല സംസ്ഥാനങ്ങളും നൽകുന്നു. ഇവിടെ അത് ലഭിക്കുന്നില്ല. അതുകൊണ്ട് വിലനിലവാരം പിടിച്ചുനിർത്താതെ എങ്ങനെയാണ് ഈ കോമ്പറ്റീഷന് ഒരുങ്ങാൻ പറ്റുന്നത്? അതിന് നമ്മൾ എന്ത് നടപടിയാണ് എടുക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : സർ, ഇപ്പോൾ ചർച്ച നടക്കുന്ന ഒരു വിഷയമാണ് എങ്ങനെ ഉൽപ്പാദനച്ചെലവ് കുറയ്ക്കാമെന്നുള്ളത്. അത് കുറച്ചില്ലായെങ്കിൽ, നല്ല സാധനമായാലും മാർക്കറ്റിൽ വിൽക്കുകയില്ല. യാതൊരു സംശയവും വേണ്ട, ഉൽപ്പാദനച്ചെലവ് കുറയ്ക്കുന്നതിനെക്കുറിച്ചുള്ള പല കാര്യങ്ങളും ഇപ്പോൾ പുതുതായിട്ട് നമ്മൾ ആലോചിച്ചുവരുന്നുണ്ട്; വ്യവസായികളും ആലോചിക്കുന്നുണ്ട്.

ശ്രീ. പി . സി. ജോർജ്: സർ, മന്ത്രിയുടെ മറുപടി മുഴുവൻ ഞാൻ ശ്രദ്ധിക്കുകയായിരുന്നു. എന്തോ ഒരു ചെറിയ നിരാശ അദ്ദേഹത്തിന് ബാധിച്ചപോലുണ്ട്. യഥാർത്ഥത്തിൽ നൂറു ശതമാനം ആത്മാർത്ഥതയോടുകൂടി കേരളത്തെ വ്യവസായവൽക്കരിക്കാനുള്ള അങ്ങയുടെ ശ്രമത്തെ സപ്പോർട്ട് ചെയ്യാൻ ഞങ്ങൾ തയ്യാറാണ്. ഭക്ഷ്യപദാർത്ഥങ്ങൾ കൂടുതൽ കയറ്റുമതിചെയ്യാൻ ജിം-ൽ വച്ച പ്രോജക്ട്, സത്യത്തിൽ നിലവിലുള്ള ഒരു പ്രോജക്ട് തന്നെയാണ്. നിലവിലുള്ള പ്രോജക്ടുകളല്ലാതെ പുതിയതായി ജിം-ൽ വന്ന പ്രോജക്ടുകളുടെ അടിസ്ഥാനത്തിൽ കണക്കാക്കിയാൽ എത്ര കോടിയുടെ നിക്ഷേപമാണ് ഈ അടുത്ത രണ്ടുവർഷം കൊണ്ട് അങ്ങ് പ്രതീക്ഷിക്കുന്നത്; ആ നിക്ഷേപങ്ങൾ വരുന്നതിനുവേണ്ടി ഞങ്ങളിൽ നിന്ന് എന്ത് സേവനം അങ്ങ് പ്രതീക്ഷിക്കുന്നുണ്ട് എന്ന് വിശദീകരിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : ഇത്തരത്തിലുള്ള നല്ല ക്വസ്റ്റ്യൻ ശ്രീ. പി. സി. ജോർജ് ചോദിച്ചതിൽ എനിക്ക് സന്തോഷമുണ്ട്. ഇപ്പോൾ സംഭവിച്ച കാര്യങ്ങളെക്കുറിച്ച് ആർക്കെങ്കിലും സന്തോഷമുണ്ടാകുമോ? ഞാൻ പ്രതിപക്ഷത്തിനെ കുറ്റപ്പെടുത്തുന്നില്ല. കേരളത്തിൽ നമ്മൾ എല്ലാ രംഗത്തും മറ്റുള്ള സംസ്ഥാനങ്ങളെ അപേക്ഷിച്ച് കുറച്ച് മുന്നിലാണ്. എന്നാൽ ഒരു രംഗത്ത് അത്ര മുന്നിലല്ല, അത് വ്യവസായ രംഗമാണ്. മാനുഫാക്ചറിംഗ്, ഇൻഫ്രാസ്ട്രക്ചർ, എന്നിവയിൽ വിവിധ ഏജൻസികൾ പണം നിക്ഷേപിക്കുന്നു, അതിൽ നമ്മൾ മുന്നിലല്ല. മറ്റ് സ്റ്റേറ്റുകൾ നമ്മെ ഓവർടേക്ക് ചെയ്യുകയാണ്. അതിൽ പൊളിറ്റിക്കൽ പാർട്ടീസിന് ഒരു വിഷമം തോന്നണ്ടേ, ആ വിഷമം നമ്മുടെ പൊളിറ്റിക്കൽ പാർട്ടീസിന് ഇതുവരെ തോന്നിയിട്ടില്ല. അതിന് എന്താണ് പറയുക, പ്രയാസങ്ങളെ നേരിടുമ്പോൾ എല്ലാപേരുംകൂടി കൈയടിച്ച് ചിരിച്ച് മീഡിയ, ഉൾപ്പെടെ ആദ്യം എല്ലാപേരും ഒന്നുൽസാഹിച്ച് പ്രോൽസാഹിപ്പിച്ചു—മീഡിയകളും ഉണ്ട്—അപ്പോൾത്തന്നെ controversy-ക്ക് പ്രോൽസാഹനം കൊടുത്ത മീഡിയാകളും ഉണ്ട്. എന്നിട്ട് അവസാനം പരാജയമെന്ന് പറഞ്ഞ്, അതിനെപ്പറ്റി ലക്കങ്ങൾ എഴുതുക, ഒരുതരം നാറാണത്തുഭ്രാന്തന്റെ പരിപാടി, പിന്നെ ആർക്കാ സന്തോഷിക്കാൻ കഴിയുക? ഫൈനലായിട്ട് നഷ്ടപ്പെടുന്നത് സ്റ്റേറ്റിനാണ്. വികസനത്തിനും, ഉൽപ്പാദനരംഗത്തും കൂടുതൽ ഏജൻസികൾ വന്ന്, തൊഴിൽ കൊടുക്കാൻ ഒരു അവസരം ഉണ്ടെന്ന് നമ്മൾക്ക് മനസ്സിലായി. ആളുകൾ വരാൻ തയ്യാറാണെന്ന് നമുക്ക് മനസ്സിലായി. പക്ഷെ നമ്മൾ ഒന്ന് സമ്മതിച്ചിട്ടു വേണ്ടേ, നമ്മൾ നമ്മൾ, നിങ്ങൾ, എന്നു ഞാൻ പറഞ്ഞില്ല. നമ്മൾ ആരും വലിയ ഗുണമില്ല. ഞാൻ പറയട്ടെ ആരും വലിയ ഗുണമില്ല. എൽ.ഡി.എഫ്. ആയാലും, യു.ഡി.എഫ്. ആയാലും pro-investment-ന്റെ കാര്യത്തിൽ രാഷ്ട്രീയത്തിൽ നിന്ന് മാറ്റിവച്ച് ചർച്ച ചെയ്യാവുന്ന minds-ലേക്ക് നമ്മൾ വന്നിട്ടില്ല എന്നുള്ളതാണ് വസ്തുത. അത് വരുമ്പോഴേ നമ്മൾ നന്നാകൂ.

ശ്രീമതി മാലേത്ത് സരളാദേവി: സർ, ചരിത്ര പ്രസിദ്ധമായ ആറന്മുള കണ്ണാടി പരമ്പരാഗതമായ ഒരു വ്യവസായ മേഖലയിൽ ഉൾപ്പെട്ടുവരുന്നതാണ്. എറണാകുളത്തു

നടക്കുന്ന ബിസിനസ് ടു ബിസിനസ് മീറ്റിൽ ആറന്മുള കണ്ണാടി വ്യവസായത്തിന്റെ ഉദ്ധാരണത്തിനു വേണ്ടി പരിപാടികൾ നടപ്പിലാക്കാൻ ഗവൺമെന്റ് നടപടികളെടുക്കുമോ? കൂടുതൽ തൊഴിലാളികൾ സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്ന ഒരു വ്യവസായമാണത്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : മെമ്പറുടെ നിർദ്ദേശം പരിഗണിക്കും, ആറന്മുള കണ്ണാടി ലോകസമക്ഷം സമർപ്പിക്കാവുന്ന ഒരു വസ്തു ആണെന്നുള്ള കാര്യത്തിൽ സംശയമില്ല.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി വളരെ നിരാശയോടുകൂടി, നമ്മൾ ഒരു ശരിയായ നിലപാട് എടുക്കാത്തതിന്റെ ഫലമായി കേരളത്തിൽ ലഭിക്കേണ്ടുന്ന ഒട്ടേറെ ഗുണങ്ങൾ നഷ്ടപ്പെട്ടു, എന്ന് പറയുകയുണ്ടായി, ആ ഖേദത്തിൽ നമുക്കും പങ്കുചേരാനുള്ള താൽപ്പര്യമുണ്ട്. പക്ഷെ ഈ ജിമ്മിന്റെ ഘട്ടത്തിൽ നമുക്ക് ഒരു കാര്യം വിസ്മരിക്കാൻ കഴിയുമോ? ജിമ്മിൽ അവിടെ നിങ്ങൾ എല്ലാ ഒരുക്കങ്ങളും ചെയ്തു. ഞങ്ങൾ പ്രതിപക്ഷവും വന്നു സഹകരിച്ചു, അതിനുശേഷം നിങ്ങളുടെ ഭാഗത്തുനിന്ന് നമ്മുടെ മലമ്പുഴ, പെരിയാർ എന്നീ നദികളിലെ കുടിവെള്ളം കണ്ണായ കേരളത്തിന്റെ മണ്ണ്, അതെല്ലാം നിങ്ങൾ വിറ്റ് തുലയ്ക്കാൻ ശ്രമിച്ചപ്പോഴല്ലാതെ, പ്രതിപക്ഷം ഈ കുടിവെള്ളം പിടിച്ചുപറിക്കാൻ അനുവദിക്കരുതേയെന്നുള്ള നിലയിൽ അതിനെ ചോദ്യം ചെയ്തുവെന്നുള്ളതല്ലാതെ ഞങ്ങൾ എന്തു ചെയ്തു എന്നാണ് നിങ്ങൾ പറയുന്നത്? അങ്ങനെ ഞങ്ങൾ പ്രകടിപ്പിച്ച പ്രതിഷേധം അവസാനം ജനങ്ങളാകെ ഏറ്റെടുത്തു, നിങ്ങൾക്കും ബോദ്ധ്യമായി, അങ്ങനെ ആ കുടിവെള്ളം കേരളത്തിലെ ജനങ്ങൾക്ക് കുടിക്കാനുള്ള അവസരം ഇന്ന് ലഭിച്ചു. അതുപോലെതന്നെ പല പ്രശ്നങ്ങളിലും നിങ്ങൾ എടുത്തിട്ടുള്ള അത്യാവശ്യം ജനങ്ങളെ ബാധിക്കുന്നതായിട്ടുള്ള പ്രശ്നങ്ങളിൽ നിങ്ങളൊന്ന് തിരിഞ്ഞു ചിന്തിക്കണം. പുനഃപരിശോധിക്കണമെന്നുള്ള നിലപാടല്ലാതെ ഞങ്ങൾ എന്തെടുത്തു എന്നാണ് നിങ്ങൾ പറയുന്നത്? ഈ ഞങ്ങളുടെ പേരിൽ, 'നമ്മൾ' എന്നുപറയുന്നതിൽ ഞങ്ങൾക്ക് ദുഃഖവും പ്രതിഷേധവുമുണ്ട് എന്ന കാര്യം ബഹുമാനപ്പെട്ട വ്യവസായ മന്ത്രിയെ അറിയിക്കുകയാണ്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : സർ, മലമ്പുഴ കുടിവെള്ള വിഷയം തന്നെയെടുക്കുക, സത്യത്തിൽ ആരാണ് പറഞ്ഞത്, മലമ്പുഴ കുടിവെള്ളം വിൽക്കാൻ പോകുന്നു എന്ന്? നമ്മൾ എവിടെയെങ്കിലും പറഞ്ഞോ? ആരും പറഞ്ഞിട്ടില്ല. അങ്ങനെയൊരു വിഷയം തന്നെയില്ല. മലമ്പുഴ കുടിവെള്ളം വിൽക്കാൻ പോകുന്നു എന്ന് പറഞ്ഞ് ഇറങ്ങിയത്—ആകാശത്തു നിന്ന് എന്താ,—എന്റെ പ്രതിപക്ഷ നേതാവേ ഞാൻ പറയാം, പാലക്കാട്ടെ കുടിവെള്ള പ്രശ്നത്തിനും, കൊച്ചിയിലെ കുടിവെള്ള പ്രശ്നത്തിനും പരിഹാരം നിർദ്ദേശിക്കാൻ, അതെ അത് എത്രയോ കാലമായി. കൊച്ചിയിൽ ആ കുടിവെള്ള പദ്ധതിക്കുവേണ്ടി കഴിഞ്ഞ ഗവൺമെന്റ് എത്ര ഇൻവെസ്റ്റ്മെന്റ് മീറ്റിൽ പോയി സമർപ്പിച്ചതാണ്, എത്ര ഇൻവെസ്റ്റ്മെന്റ് മീറ്റിൽ കൊണ്ടുപോയി സമർപ്പിച്ചതാണ്. ജിം, ഒരു വലിയ വാർത്തയായി വന്നപ്പോൾ, അതിന്റെ പശ്ചാത്തലത്തിൽ അനാവശ്യമായ scare ഉണ്ടാക്കി, ന്യൂസ് ഉണ്ടാക്കി, അതിന്റെ മുകളിൽ പരമ്പരയെഴുതി, ഞാൻ പ്രതിപക്ഷമെന്നു പറയുന്നില്ല. കൂട്ടത്തിൽ നിങ്ങൾ കൂടുമല്ലോ, പരമ്പരയെഴുതി, ചങ്ങല പിടിച്ച് ചിന്തകൻമാർ, അതുപോലെ ബുദ്ധിജീവികൾ, നമുക്കൊന്നും ബുദ്ധിയില്ല, നമ്മളൊക്കെ ബുദ്ധിയില്ലാത്ത ആളുകളാണ്. ബുദ്ധിജീവികൾ എല്ലാപേരും കൂടി ചങ്ങലപിടിച്ച്, ... കേരളം ഒട്ടാകെ തകരാൻ പോകുന്നു.....,

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: പ്രതിപക്ഷ നേതാവ് ഒരു ചോദ്യം ചോദിച്ചാൽ അതിന് മന്ത്രിയെ മറുപടി പറയാനും സമ്മതിക്കില്ല!

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : ചില പ്രോജക്ടുകൾക്ക് എതിരായി ഉണ്ടായ concern എനിക്ക് മനസ്സിലാക്കാം. അത് ശാന്തമായ അന്തരീക്ഷത്തിൽ ചർച്ച ചെയ്യാൻ തയ്യാറായിരുന്നല്ലോ, ഞങ്ങൾ തയ്യാറായിരുന്നു. ഇപ്പോൾ കൊച്ചിയിലെ കുടിവെള്ള പദ്ധതി വിവാദമുണ്ട്, വിവാദം ഉന്നയിക്കുന്ന ആളുകൾ അപ്പുറത്തുമുണ്ട്, ഇപ്പുറത്തുമുണ്ട്, വികാരം ഞാൻ മനസ്സിലാക്കുന്നു. പക്ഷെ ബഹളമുണ്ടാക്കി, കൊച്ചിയിലെ കുടിവെള്ള പദ്ധതി പോയി, ഇനി നമുക്ക് മിണ്ടാതിരിക്കാൻ പറ്റുമോ? വൈപ്പിനിൽ രാവിലെ മൂന്നു മണിക്കാണ് സ്ത്രീകൾ കൂടവുമായി ക്യൂ നിൽക്കുന്നത്. കൊച്ചിയിൽ പൈസ കൊടുക്കാൻ കഴിയുന്ന കുറച്ച് ആളുകളെ നിലവിലുള്ള ആ ഫ്രീ വാട്ടർ സപ്ലൈ പദ്ധതിയിൽ നിന്ന് മാറ്റിനിറുത്തിയാൽ അതിന്റെ ഗുണം പാവപ്പെട്ട ആളുകൾക്ക് കിട്ടാൻപോകുകയാണെന്ന് ഞാൻ പറയും. അന്ന് ശാന്തമായി ചർച്ചചെയ്യാൻ സമ്മതിക്കുമോ? ഹർത്താലായി, ബഹളമായി, ഗുലുമാലായി, കാർ തടയലായി, അതുപോലെ എന്താ പറയുക, ചങ്ങലപിടിത്തമായി, അവസാനം നമ്മെ ചങ്ങലയ്ക്കിട്ട് ഒരു വഴിക്ക് ആക്കിയിട്ടല്ലാതെ ആർക്കും ഉറക്കം വന്നില്ല. ഇങ്ങനെയായാൽ ആരെക്കൊണ്ടാണ് കഴിയുക, ഞാൻ നിങ്ങളെ മാത്രം കുറ്റപ്പെടുത്തുകയല്ല. നിങ്ങൾ ആ മീറ്റിൽ വന്ന് രണ്ടു വാക്ക് പറയുകയെങ്കിലും ചെയ്തല്ലോ, എനിക്ക് നിങ്ങളോട് നന്ദിയുണ്ട്.

ശ്രീ. എ. സുജനപാൽ: ഗ്ലോബലൈസേഷന്റെ ഭാഗമായി, നമ്മുടെ പരമ്പരാഗത വ്യവസായങ്ങളെയും കേരളത്തിലെ വ്യവസായങ്ങളെയും ദോഷകരമായിട്ട് ബാധിച്ച കാര്യത്തെക്കുറിച്ച് പല മെമ്പർമാരും ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇപ്പോൾ കാർഷിക മേഖലയിൽ ഗ്ലോബലൈസേഷന്റെ ഭാഗമായി ഉണ്ടായിട്ടുള്ള പ്രത്യാഘാതങ്ങളെക്കുറിച്ച് പഠിക്കാൻ സംസ്ഥാന ഗവൺമെന്റ് സ്വാമിനാഥൻ കമ്മീഷനെ വച്ച് ബൃഹത്തായ ഒരു റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അത് നടപ്പിലാക്കാൻ വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുകയാണ്. ഗ്ലോബലൈസേഷന്റെ ഭാഗമായി ദോഷകരമായി ബാധിച്ചിട്ടുള്ള കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങളെക്കുറിച്ചും, കേരളത്തിലെ ചെറുകിട വ്യവസായങ്ങളെ കുറിച്ചും പഠിക്കാൻ ഒരു കമ്മീഷനെ നിയോഗിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ; അല്ലെങ്കിൽ അതിനെക്കുറിച്ച് പഠിച്ച് ഗവൺമെന്റിനെ ഉപദേശിക്കാൻ വേണ്ടിയുള്ള വല്ല നടപടികളും ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ഇതിനായി കമ്മീഷനെയൊന്നും വച്ചിട്ടില്ല; കമ്മീഷനെ വയ്ക്കേണ്ട ആവശ്യമുണ്ടെന്ന് ഇതുവരെ തോന്നിയിട്ടില്ല. നമുക്കറിയാം എന്താണ് പ്രശ്നമെന്നുള്ളത്. അത് നമ്മൾ ഇവിടെ നേരത്തേ ചർച്ച ചെയ്തതാണ്. കാർഷിക മേഖലയിൽ ഡബ്ല്യൂ.ടി.ഒ.-യുടെയൊക്കെ പ്രത്യേക പ്രശ്നങ്ങളുള്ളതുകൊണ്ടാണ് അത്തരത്തിലുള്ള പ്രൊഫഷണൽ അഡ്വൈസ് ആവശ്യമായി വന്നത്. ഇതിന് ആവശ്യം വരികയാണെങ്കിൽ നമുക്ക് ആലോചിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: നമ്മുടെ പരമ്പരാഗത വ്യവസായ മേഖലയിലെ ഉൽപ്പന്നങ്ങൾ അന്തർദേശീയ വ്യവസായ സമൂഹത്തിന് അല്ലെങ്കിൽ അന്തർദേശീയ സമൂഹത്തിന് പ്രയോജനപ്പെടുത്താൻ വേണ്ടിയാണ് എറണാകുളത്തെ ബിസിനസ് ടു ബിസിനസ് മീറ്റ് നടത്തുന്നത്. ഒരു കാലത്ത് വിദേശികൾ ഒരു മീറ്റും നടത്താതെ ഇങ്ങോട്ട് തേടിയെത്തുകയായിരുന്നു, നൂറ്റാണ്ടുകളായിട്ട്. ഇന്ന് നമ്മൾ ഈ ഗതികേടിലാണ്. നമ്മൾ ഒരു കാര്യം കാണാതെ പോകുന്നു. നമ്മുടെ മാർക്കറ്റിൽ ചൈനീസ് സാധനങ്ങൾ കുറച്ച് ലാഭത്തിൽ കൂടുതൽ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്ന തന്ത്രമാണ് അവർ ആവിഷ്കരിച്ചിട്ടുള്ളത്. നമ്മൾ വിദേശത്തേക്ക് മാർക്കറ്റ് തേടാൻ പോകുമ്പോൾ നമ്മുടെ തദ്ദേശീയമായ മാർക്കറ്റ് മൊത്തത്തിൽ നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്ന അവസ്ഥ ഒഴിവാക്കുന്നതിനുവേണ്ടി കൂടുതൽ ഉൽപ്പന്നങ്ങൾ കുറച്ച് ലാഭത്തിൽ വിറ്റഴിക്കുന്നതിന് വേണ്ടിയുള്ള പ്രോത്സാഹനങ്ങൾ ജില്ലാടിസ്ഥാനത്തിൽ ശ്രീ. വി. കെ. സി. മമ്മത്കോയ പറഞ്ഞതുപോലെ വിപണന കേന്ദ്രങ്ങളും ഉത്സവങ്ങളും നടത്തി, വ്യവസായ വകുപ്പ് പ്രത്യേകമായി എന്തെങ്കിലും പരിപാടി നടപ്പിലാക്കാൻ ആലോചിക്കുമോ; അതിന് ഉദ്ദേശമുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ഒരു മുട്ടുശാന്തി കൊണ്ടും നമ്മൾ രക്ഷപ്പെടാൻ പോകുന്നില്ല. ചൈനയിൽ 100 കോടിയിൽപ്പരം ജനങ്ങളെ ഫീഡ് ചെയ്യാൻ, ഭക്ഷണവും വസ്ത്രവും കൊടുക്കാനുള്ള തന്ത്രം അവർ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. ചൈന അതിൽ വിജയിച്ചുകൊണ്ടിരിക്കുന്നുണ്ട്. ചൈന ലോകശക്തിയായി ഉയരുകയും ചെയ്യും. നമ്മുടെ തന്ത്രമെന്ന് പറയുന്നത് ഒന്നേയുള്ളൂ. നമ്മളെല്ലാവരും കൂടി ആലോചിച്ചിട്ട് രക്ഷപ്പെടാനുള്ള തന്ത്രം നോക്കുക; കുതന്ത്രം ഒഴിവാക്കുക. നമ്മളാണ് രാജ്യം ഭരിക്കുന്നത്. അതായത് പ്രതിപക്ഷവും ഭരണപക്ഷവും. അത് ഇനിഷ്യേറ്റ് ചെയ്യാൻ ഗവൺമെന്റ് തയ്യാറാണ്. ഈ ചർച്ചയുടെ ഫലമായി വ്യവസായ രംഗം, ഉൽപ്പാദന രംഗം, ചെറുകിട വ്യവസായ രംഗം, ഹാന്റ് ലൂം, ഫുഡ് പ്രോസസ്സിംഗിലൊക്കെ വളരെ ശക്തമായിട്ട് നമുക്ക് വരാം. നമ്മുടെ എത്ത്നിക് ഫുഡ്സൊക്കെ പാക്ക് ചെയ്ത് ലോക മാർക്കറ്റിൽ കൊടുത്താൽ വാങ്ങാൻ ആളുണ്ട്. പക്ഷേ ചൈന ചെയ്യുന്നതുപോലെ തന്ത്രപരമായി വിലകുറച്ച് നല്ല സാധനം മാർക്കറ്റിൽ എത്തിക്കാനാവണം. അതിന് ചർച്ച നടത്താൻ എല്ലാവരും തയ്യാറാണെങ്കിൽ ഇനിഷ്യേറ്റ് ചെയ്യാൻ ഗവൺമെന്റ് തയ്യാറാണ്. ഈ ഡിബേറ്റിന്റെ ഫലമായി അത് സംഭവിച്ചാൽ നമ്മൾ രക്ഷപ്പെടും.

ശ്രീ. ടി. കെ. ദേവകുമാർ: സർ, സദുദ്ദേശപരമായി എല്ലാ സ്വകാര്യ മുതൽ മുടക്കുകളെയും സ്വാഗതം ചെയ്യുമെന്ന് പ്രതിപക്ഷത്തിന് വേണ്ടി പ്രതിപക്ഷനേതാവ് ജിം-ൽ പങ്കെടുത്തുകൊണ്ട് പ്രസംഗിച്ചതിന് അങ്ങ് ഇപ്പോൾ ആവർത്തിച്ച് നന്ദി പറഞ്ഞു. മുതൽമുടക്കുകളുടെ സദുദ്ദേശത്തെക്കുറിച്ച് ആ പ്രദേശത്തെ ജനങ്ങൾക്ക് സംശയമുണ്ടായപ്പോൾ സർവ്വശ്രീ വി. എം. സുധീരനും കെ.സി. വേണുഗോപാലും തോമസ് ഐസക്കും, ദേവകുമാറും കൂടി ചേർന്ന് മനുഷ്യച്ചങ്ങല പിടിച്ചതിനെ അങ്ങ് ഇവിടെ.....(ബഹളം).....

മി.സ്പീക്കർ: ഓർഡർ, ഓർഡർ.....

ശ്രീ. ടി. കെ. ദേവകുമാർ: കെ.കെ. ഷാജു വന്നില്ല. ആരൊക്കെ വന്നുവെന്നുള്ളത് അടുത്ത പാർലമെന്റ് തെരഞ്ഞെടുപ്പ് വരുമ്പോൾ പറയാമല്ലോ? ഞാൻ പറഞ്ഞുവന്നത്, ഇത്രയും പ്രക്ഷോഭം നടന്നിട്ടും ദേവകുമാർ ഇല്ലെന്ന് പറയുന്നവരുടെ മുന്നണി ഭരിക്കുന്ന ഈ ഗവൺമെന്റ് ഈ കഴിഞ്ഞ ദിവസം തന്ന മറുപടിയിലും ഈ ജനങ്ങൾ നടത്തിയ പ്രക്ഷോഭത്തെ സംബന്ധിച്ച്—കരിമണൽ ഖനനത്തെ സംബന്ധിച്ച്—അതിന്റെ ദുരുദ്ദേശത്തെക്കുറിച്ച് ചോദിച്ചതിന് അണുവിട വ്യത്യാസമില്ലാത്ത മറുപടിയാണ് ബഹളമുണ്ടാക്കുന്നവരുടെ ഈ ഗവൺമെന്റ് എനിക്ക് തന്നത്. അതല്ലേ പ്രക്ഷോഭം വീണ്ടും ഉണ്ടാകുന്നത്? പ്രക്ഷോഭം ഒഴിവാക്കാൻ ദുരുദ്ദേശപരമായ മുതൽമുടക്കിനെതിരായി ഉണ്ടാകുന്ന സമരങ്ങളെ പോസിറ്റീവായി കാണാൻ അങ്ങയുടെ ഗവൺമെന്റ് തയ്യാറാകുമോ?

മി.സ്പീക്കർ: ഇതൊരു ചോദ്യമല്ല.

(മറുപടി പറഞ്ഞില്ല)

കെ.എസ്.ആർ.ടി.സി.-യുടെ ലാഭനഷ്ടങ്ങൾ

*2 [242] ശ്രീ. ബി. വിജയകുമാർ:

„ തിരുവഞ്ചൂർ രാധാകൃഷ്ണൻ:

„ ഇ. എം. അഗസ്തി:

„ ജോർജ് മാത്യു:

„ വർക്കല കഹാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് നിലവിൽ വന്നതിനുശേഷം കെ. എസ്. ആർ. ടി. സി.-യുടെ നഷ്ടം ക്രമേണ കുറയ്ക്കുന്നതിനും ലാഭത്തിലേക്ക് നയിക്കുന്നതിനും കഴിഞ്ഞിട്ടുണ്ടോ;

(ബി) ഇപ്പോൾ കെ. എസ്. ആർ. ടി. സി. നഷ്ടത്തിലായിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാം;

(ഡി) ഇക്കഴിഞ്ഞ മൂന്നു മാസത്തിൽ കെ. എസ്. ആർ. ടി. സി.-യുടെ വരവ് വർദ്ധിച്ചിട്ടുണ്ടോ;

(ഇ) കെ. എസ്. ആർ. ടി. സി.-യുടെ വരവ് വർദ്ധിപ്പിക്കുവാൻ എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly